LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾ

158 (3592) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചു എന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും തുകയും അവയുടെ പുരോഗതിയും അനുബന്ധമായി ചുവടെ ചേർക്കുന്നു.*

ചേർത്തല തീരമേഖലയിലെ കടലാക്രമണം

159 (3593) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയുടെ തീരമേഖലകളായ അർത്തുങ്കൽ ആയിരംതൈ, ചേന്നവേലി, തൈക്കൽ ഭാഗങ്ങളിൽ കഴിഞ്ഞ കുറച്ച വർഷങ്ങളായി കൂടുതൽ രൂക്ഷമായ തരത്തിലുണ്ടാകുന്ന കടലാക്രമണത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ചേർത്തലയുടെ തീരമേഖലകളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണങ്ങൾക്ക് നിലവിൽ ഈ മേഖലകളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പുലിമുട്ടുകളുടെ പോരായ്മകളാണോ കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം പോരായ്മകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർത്തുങ്കൽ ഹാർബറിനുവേണ്ടി നിർമ്മിക്കുന്ന പുലിമുട്ടുകളുടെ നീളം കൂട്ടുന്നതനുസരിച്ച് അതിന്റെ വടക്കുപ്രദേശമായ ആയിരം തയ്യിലും അർത്തുങ്കലിലും രൂക്ഷമായ

കടലാക്രമണം കഴിഞ്ഞ കുറേ വർഷങ്ങളായി അനുഭവപ്പെടാറുണ്ട്. ചെത്തി ഹാർബറിന്റെ പുലിമുട്ട് നീട്ടുന്ന തനുസരിച്ച് ചേന്നവേലിയിലും രൂക്ഷമായ കടലാക്രമണം ഉണ്ടാകാറുണ്ട്.

(ബി) തദ്ദേശവാസികളുടെ അഭിപ്രായമനുസരിച്ച് ഈ പ്രദേശത്ത് ചെത്തിയിലും അർത്തുങ്കലിലും ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നിർമ്മിച്ച പുലിമുട്ട് വരുന്ന തിനുമുമ്പ് യാതൊരുവിധ കടലാക്രമണവും അനുഭവപ്പെട്ടിരുന്നില്ല എന്ന് മനസ്സിലാക്കുന്നു. പുലിമുട്ട് നിർമ്മിച്ചതിനുശേഷമാണ് ഇത്രമാത്രം കടാക്രമണം അനുഭവപ്പെടുന്നത്.

(സി) രൂക്ഷമായ കടലാക്രമണമുണ്ടായതിന്റെ കാരണങ്ങൾ മനസ്സിലാക്കി ഈ ഭാഗത്തെ രൂക്ഷമായ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി കേരള സർക്കാർ വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ചെന്നൈ ഐ.ഐ.റ്റി.-യെ ഏൽപ്പിക്കുകയും അവർ സ്ഥലം സന്ദർശിച്ച് വിശദമായ പഠനം നടത്തി ഈ ഭാഗത്ത് വിവിധ നീളത്തിലുള്ള പുലിമുട്ടുകളുടെ ശൃംഖല സ്ഥാപിക്കുന്ന തിനുവേണ്ടിയുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി.

നബാർഡിന്റെ ധനസഹായത്തോടെ പുലിമുട്ടുകളുടെ പ്രവൃത്തി നടന്നു കൊണ്ടിരി ക്കുകയാണ്. ഇതിന്റെ ബാക്കി ഭാഗങ്ങളുടെ വിശദമായ പഠനം ചെന്നൈ ഐ.ഐ.റ്റി. നടത്തിക്കൊണ്ടിരിക്കുകയാണ്.

അർത്തുങ്കൽ ഭാഗത്തെ കടലാക്രമണം പരിഹരിക്കുന്നതിനായി 1226 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി 1238 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

160 (3594) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) തടസ്സം നീക്കി പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കും എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly